LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മലബാർ ഇറിഗേഷൻ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള മാള നിയോജക മണ്ഡലത്തിലെ വിവിധ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുകയും ഇപ്പോഴത്തെ പ്രവർത്തന പുരോഗതിയും അനുബന്ധമായി ചേർക്കുന്നു. *

(ബി) മേൽപ്പറഞ്ഞ പദ്ധതികൾക്കു പുറമെ പാലിശ്ശേരി നം. 1 LIS-ന്റെ പമ്പ് ഹൗസിന്റെ പുനരുദ്ധാരണ പ്രവൃത്തിയും പാലിശ്ശേരി നം. 2 LIS-ന്റെ പുനരുദ്ധാരണ പ്രവൃത്തികളുമാണ് മാള നിയോജക മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പുവഴി നടപ്പിലാക്കുന്നത്.

(സി) ചെമ്പാളൂർ പമ്പ്ഹൗസിന്റെ സൈറ്റ് 9-11-2010-ൽ കോൺട്രാക്ടർക്ക് കൈമാറിയിട്ടുണ്ട്. 6 മാസം പണി പൂർത്തീകരിക്കുന്നതിന് കാലാവധിയുണ്ട്.

(ഡി) പമ്പ്ഹൗസിന്റെ പണി തീരുന്നതോടെ പുതിയ മോട്ടോറും പമ്പും സ്ഥാപിച്ച് മാള നിയോജക മണ്ഡലത്തിലെ ചെമ്പാളൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിലൂടെ കൂടുതൽ പ്രദേശങ്ങളിലേക്ക് വെള്ളമെത്തിക്കുന്നതിന് സാധിക്കും.

പെരിങ്ങളം മണ്ഡലത്തിലെ ചെറുകിട ജലസേചന പദ്ധതികൾ

94 (691) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർജില്ലയിൽ പെരിങ്ങളം നിയോജക മണ്ഡലത്തിൽ 2005-10 വർഷത്തിൽ നടപ്പിലാക്കിയ ചെറുകിട ജലസേചന പദ്ധതി പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ ; ഓരോ പ്രവൃത്തികൾക്കും അനുവദിക്കപ്പെട്ട തുക എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ബി) മൊകേരി പഞ്ചായത്തിലെ പാത്തിപ്പുഴയിൽ വേലൻചിറ ചടാല പാലം ഭിത്തികെട്ടി സംരക്ഷണം, കരിയാട് പഞ്ചായത്തിലെ കിടത്തിയിൽ മാഹി പുഴയുടെ ചെരുവയൽമുതൽ ചെമ്പോളി പാർശ്വസംരക്ഷണം, മാഹിപ്പുഴയുടെ പുതിയോട്ടിൽ കണ്ണോത്ത് പാർശ്വ സംരക്ഷണം, മുക്കാളിക്കര- അടിയാരിഭാഗം പാർശ്വ സംരക്ഷണം, മോന്താൽ കോവുക്കൽ കടവ് പാർശ്വ സംരക്ഷണം എന്നീ ആവശ്യങ്ങൾക്കുവേണ്ടി നൽകിയ അപേക്ഷയുടെ പുരോഗതി വെളിപ്പെടുത്തുമോ ;

(സി) കുന്നോത്ത് പറമ്പ് പഞ്ചായത്തിലെ വരമ്പ്ര-കുന്നുമ്മൻ തോടിന് കല്ലറയ്ക്കൽ പള്ളിക്ക് സമീപം വീ.സി.ബി.-കം-ബ്രിഡ്ജ് നിർമ്മിക്കാനും തോട് സംരക്ഷിക്കാനും നൽകിയ അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്താമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ പെരിങ്ങളം നിയോജക മണ്ഡലത്തിൽ 2005 മുതൽ 2010 വരെയുള്ള കാലയളവിൽ ചെറുകിട ജലസേചന വിഭാഗത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. നബാർഡ് RIDF X തൃപ്പങ്ങോട്ടൂർ പഞ്ചായത്തിൽ കൂടപ്രം തോടിന് കുറുകെ പെരുവം വയലിൽ ഒരു വി.സി.ബി നിർമ്മാണം. അനുവദിച്ച തുക 8,14,341.

2. നബാർഡ് RIDF X-ൽ കുന്നോത്തു പറമ്പ പഞ്ചായത്തിൽ കിടാരിയിൽ പുഞ്ചൂർ തോടിന് കുറുകെ ഒരു വി.സി.ബി നിർമ്മാണം. തുക 9,30,721.

3. നബാർഡ് RIDF-XI മൊകേരി പഞ്ചായത്തിൽ പൂങ്കാവനം എന്ന സ്ഥലത്ത് പാത്തിപ്പുഴയ്ക്ക് കുറുകെ ഒരു വിയർ നിർമ്മാണം. തുക 18,00,000.

(ബി) 1. മൊകേരി പഞ്ചായത്തിൽ വേലൻചിറ തോടിന്റെ കുറച്ചു ഭാഗം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി ഭാഗത്തെ പണികൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഏറ്റെടുക്കുന്നതാണ്.

2. കരിയാട് പഞ്ചായത്തിലെ കിടത്തിയിൽ ചെറുവയലിൽ മുതൽ ചമ്പോളിവരെ 300 മീറ്റർ പുഴ, ഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് ഏകദേശം 15 ലക്ഷം രൂപ ചെലവ് വരും. ഇതിന്റെ എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

3. കരിയാട് പഞ്ചായത്തിലെ കിടത്തിയിൽ പുതിയോട്ടിൽ മുതൽ കണ്ടോത്തുവരെ 400 മീറ്റർ പുഴ, ഭിത്തികെട്ടി സംരക്ഷിക്കുന്നതിന് ഏകദേശം 21 ലക്ഷം രൂപ ചെലവുവരും. എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

4. കരിയാട് മുക്കാളിക്കര അടിയാറി ഭാഗത്ത് 360 മീറ്റർ നീളത്തിൽ പുഴ, ഭിത്തി കെട്ടി സംരക്ഷിക്കുന്നതിനായി 17.75 ലക്ഷം രൂപയുടെ പ്രവൃത്തി 2007-08 വർഷത്തെ റിവർ മാനേജ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ചിട്ടുണ്ട്.

5. മോന്താൽ കോവുക്കൽ കടവുവരെ 800 മീറ്റർ നീളത്തിൽ പുഴ, ഭിത്തി കെട്ടി സംരക്ഷിക്കുന്നതിനായി 45 ലക്ഷം രൂപ ആവശ്യമായി വരും. എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

(സി) അപേക്ഷ ലഭ്യമാക്കി ആവശ്യം പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

373/14

LIBRARY ARCHIVES Kerala Legislative Assembly